LIBRARY ARCHIVES Kerala Legislative Assembly

വടകരയിലെ തീർത്ഥാടന-ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

20 [163] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ലോകനാർകാവ്, പയങ്കുറ്റിമല, സാന്റ് ബാങ്ക്സ് എന്നീ തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിന് ഉതകുന്ന രീതിയിൽ എന്തെങ്കിലും പരിപാടികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബ്രിട്ടീഷ് ഭരണകാലത്തു വിദേശികളായ ടൂറിസ്റ്റുകൾ സ്ഥിരമായി വന്നിരുന്ന സാന്റ് ബാങ്ക്സിൽ ബ്രിട്ടീഷുകാർ നിർമ്മിച്ച ബംഗ്ലാവും തൊട്ടുള്ള റവന്യൂ ഭൂമിയും ടൂറിസം വകുപ്പ് ഏറ്റെടുത്തു നല്ല ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ സാധ്യതകൾ സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഹൗസ് ബോട്ടുകൾ

21 [184] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെകീഴിൽ വിനോദസഞ്ചാരികൾക്കുവേണ്ടി പുറക്കാട്ടിരിയിൽ വാങ്ങിയ ഹൗസ് ബോട്ട് മഴക്കാലത്ത് മുങ്ങിപ്പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ വിനോദസഞ്ചാരികൾക്കുവേണ്ടി എത്ര ഹൗസ് ബോട്ടുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് കരാറുകാർ എത്ര സംഖ്യ ബാക്കി അടച്ചുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ഹൗസ്ബോട്ട് (പുതിയത്) നിലവിലുണ്ട്.

(സി) രണ്ട് മുൻകരാറുകാരിൽ നിന്നായി 7,75,122 രൂപയും പലിശയും ലഭിക്കാനുണ്ട്. കോഴിക്കോട് മുൻസിഫ് കോടതിയിൽ സിവിൽ കേസ് നിലവിൽ ഉണ്ട്. ഡി.റ്റി.പി.സി.-ക്ക് നഷ്ടം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.